**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല- കാമാക്ഷി ഗ്രാമ പഞ്ചായത്ത് - തങ്കമണി വില്ലേജിൽപ്പെട്ട 15 സെന്റ് സ്ഥലം എക്സൈസ് ഓഫീസ് നിർമ്മിക്കുന്നതിന് സൗജന്യമായി വിട്ടുനൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) നം. 1209/2012/തസ്വഭവ തീയതി, തിരുവനന്തപുരം, 27-4-2012

---

**പരാമർശം :-**

1. കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 31-1-12-ലെ ഒന്നാം നമ്പർ തീരുമാനം.
2. കാമാക്ഷി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 10-2-12-ലെ A2 12/11-12 നമ്പർ കത്ത്
3. കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 9-3-12-ലെ ഒന്നാം നമ്പർ തീരുമാനം.
4. പഞ്ചായത്ത് ഡയറക്ടറുടെ 20-3-12-ലെ സി2-7756/12 നമ്പർ കത്ത്.

ഉത്തരവ്

1998-99 സാമ്പത്തിക വർഷം വനിതാ വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിന് കാമാക്ഷി ഗ്രാമ പഞ്ചായത്ത് വിലയ്ക്കു വാങ്ങിയ തങ്കമണി വില്ലേജിൽ സർവേ 268/6-ൽപ്പെട്ട ഒരേക്കർ സ്ഥലത്തുനിന്നും വ്യവസായ കേന്ദ്രം, അംഗൻവാടി-ബേബി ക്രഷ്, തുടർ വിദ്യാകേന്ദ്രം, ഖാദി ബോർഡ് വ്യവസായ കേന്ദ്രം എന്നിവയ്ക്ക് സ്ഥലം അനുവദിച്ചശേഷം ബാക്കിയുള്ള 50 സെന്റിലെ 15 സെന്റ് സ്ഥലം എക്സൈസ് ഓഫീസ് സ്ഥാപിക്കുന്നതിന് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർക്ക് (തൊടുപുഴ) സൗജന്യമായി വിട്ടുനൽകുന്നതിന് പരാമർശം (1), (3) പ്രകാരം കാമാക്ഷി ഗ്രാമ പഞ്ചായത്ത് തീരുമാനിക്കുകയും പരാമർശം (2) പ്രകാരം സെക്രട്ടറി അനുമതിക്കായി അപേക്ഷിക്കുകയും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിലേക്ക് ശുപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തങ്കമണി വില്ലേജിൽ സർവേ

268/6-ൽപ്പെട്ട ഒരേക്കർ സ്ഥലത്തുനിന്നും മറ്റ് ആവശ്യങ്ങൾക്ക് നൽകിയശേഷം ബാക്കിയുള്ള 50 സെന്റിലെ 15 (പതിനഞ്ച്) സെന്റ് സ്ഥലം എക്സൈസ് ഓഫീസ് നിർമ്മിക്കുന്നതിന് എക്സൈസ് വകുപ്പിന് സൗജന്യമായി വിട്ടുനൽകുന്നതിന് കാമാക്ഷി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ആർ. ശ്രീലേഖ,
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശ സ്വയംഭരണ ആഡിറ്റ്, അക്കൗണ്ട്സ് വകുപ്പ്, തിരുവനന്തപുരം
എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, കാമാക്ഷി ഗ്രാമ പഞ്ചായത്ത്, ഇടുക്കി-685515
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
നികുതി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.